അനുസ്മരണം

●

**സി.കെ മുഹമ്മദ്**

# കെ.ടി മാനു മുസ്‌ലിയാർ



**ഉസ്താദ്** കെ.ടി മാനു മുസ്‌ലിയാർ ഓർമ യായി. പ്രഗത്ഭ പണ്ഡിതൻ, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജോ. സെക്ര ട്ടറി, സമസ്ത കേരള ഇസ്‌ലാം മത വിദ്യാ ഭ്യാസ ബോർഡ് ജനറൽ സെക്രട്ടറി, കരു വാരക്കുണ്ട് ദാറുന്നജാത്ത് ഇസ്‌ലാമിക് സെന്റർ സ്ഥാപകനും ജനറൽ സെക്രട്ട റിയും, പെരിന്തൽമണ്ണ എം.ഇ.എ എഞ്ചി നീയറിംഗ് കോളേജ് ജനറൽ കൺവീനർ, പ്രഗത്ഭ വാഗ്മി, എഴുത്തുകാരൻ, സംഘാ ടകൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധി യാർജിച്ച മഹദ് വ്യക്തിത്വമാണ് അദ്ദേഹ ത്തിന്റെ നിര്യാണത്തോടെ സമൂഹത്തിന് നഷ്ടമായത്.

ഫെബ്രുവരി ഒന്നാം തീയതി ഞായ റാഴ്ച കോഴിക്കോട് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സുവർണ ജൂബിലി സമാപന സമ്മേളനത്തിൽ വെച്ചായിരുന്നു അന്ത്യം. മരിക്കുമ്പോൾ അദ്ദേഹത്തിന് 77 വയസ് പ്രായമുണ്ടായി രുന്നു.

1932-ൽ കരുവാരക്കുണ്ട് കണ്ണ ത്താണ് മാനു മുസ്‌ലിയാരുടെ ജനനം. പിതാവ് കുഞ്ഞാറ. മാതാവ് ഇത്തിക്കുട്ടി. ഒന്നര വയസ്സ് പ്രായമുള്ളപ്പോൾ പിതാവ് മരിച്ചു. കഷ്ടപ്പാടിന്റെയും വറുതിയുടെ യും കാലമായിരുന്നു അത്. അന്നൊക്കെ യത്തീം കുട്ടികൾക്ക് ഭക്ഷണം കൊടു ക്കാൻ ചിലരൊക്കെ നേർച്ചയാക്കും. അത്തരം ഭക്ഷണ പരിപാടികളിൽ പങ്കെ ടുത്ത ഓർമകൾ മനസ്സിൽ മായാതെ കിട ക്കുന്നുവെന്നും പിൽക്കാലത്ത് നജാ ത്തിലെ അനാഥകളെ സംരക്ഷിക്കുന്ന തിൽ പങ്കുവഹിക്കുമ്പോൾ കണ്ണ് നിറ ക്കുന്ന ഓർമകൾ മനസ്സിൽ തിങ്ങിവരാ റുണ്ടെന്നും അദ്ദേഹം തന്റെ ജീവചരിത്ര കുറിപ്പിൽ പറയുന്നുണ്ട്.

നാലാം ക്ലാസ് വരെ മാത്രം സ്കൂൾ വിദ്യാഭ്യാസം നേടിയ അദ്ദേഹത്തിന് പ്രതികൂല സാഹചര്യം നിമിത്തം തുടർന്ന് പഠിക്കാനായില്ല. ശേഷം കരു വാരക്കുണ്ടിലെ പ്രസിദ്ധമായ പള്ളിദർസിൽ ചേർന്നു. ഉപരിപഠനം വെല്ലൂരിലെ ബാഖിയാത്തിലായിരുന്നു.

ഉപരിപഠനം കഴിഞ്ഞു 1957ൽ ഇരി ങ്ങാട്ടിരിയിൽ ഖാദിയും മുദർരിസുമായി നിയമിതനായി. ദാറുന്നജാത്ത് സ്ഥാപിച്ച് അതിന്റെ പ്രവർത്തനങ്ങൾക്ക് മുഴുസമ യവും നീക്കിവെക്കേണ്ടിവന്നപ്പോൾ മാത്ര മാണ് മുദർരിസ് സ്ഥാനം മറ്റൊരാളെ ഏൽപിച്ചത്. മാനു മുസ്‌ലിയാരുടെ ശിഷ്യ രിൽ പലരും പിൽക്കാലത്ത് അറിയപ്പെട്ട പണ്ഡിതന്മാരായിട്ടുണ്ട്. രാത്രി മതപ്രഭാ ഷണവും പകൽ ദർസുമായി കഴിഞ്ഞ ഇരിങ്ങാട്ടിരിയിലെ നാളുകൾ അദ്ദേഹ ത്തിന് മധുരമുള്ള ഓർമകളാണ്.

ദാറുന്നജാത്ത് ഇസ്‌ലാമിക് സെന്റർ അദ്ദേഹത്തിന്റെ നേരിട്ടുള്ള മേൽനോട്ട ത്തിൽ വളർന്നു വലുതായി. 1976ൽ 12 അനാഥക്കുട്ടികളുമായിട്ടാണ് ദാറുന്നജാ ത്തിന്റെ തുടക്കം. ഇന്നവിടെ 265 അന്തേ വാസികളുണ്ട്. കൂടാതെ സെക്കന്ററി മദ്റ സ, എയ്ഡഡ് അറബിക് കോളേജ്, യു.പി സ്കൂൾ, ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, സയൻസ് ആന്റ് ടെക്നോളജി കോളേ ജ്, ശരീഅത്ത് കോളേജ് എന്നീ സ്ഥാപ നങ്ങളിലായി ആയിരക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്നു.

മാപ്പിളപ്പാട്ട് രചയിതാവും നല്ല ഗായകനുമായിരുന്ന അദ്ദേഹത്തിന്റെ ഹജ്ജ് യാത്രാ പാട്ട് ഏറെ പ്രസിദ്ധമാണ്. സുന്ദരമായ ശബ്ദത്തിലും രീതിയിലു മുള്ള അദ്ദേഹത്തിന്റെ ആലാപനം പഴമ ക്കാർക്ക് മധുരമായ ഓർമകളാണ്.

അദ്ദേഹം അറബിയിലും കവിത കൾ രചിച്ചിട്ടുണ്ട്. മസ്ജിദുന്നബവിയിൽ റൗദാ ശരീഫിൽ ഇരുന്നുകൊണ്ട് നബി തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ടെഴു തിയ 'സുബ്ഹാന മൻ അബ്ദാക യാ ഖൈറൽ വറാ..' എന്ന കാവ്യം. പ്രവാച കനു മുമ്പുള്ള ജാഹിലിയ്യാ കാലഘട്ടം, പ്രവാചക ജന്മം, ബാല്യം, പാപമുക്ത മായ നാൽപതു കൊല്ലത്തെ ജീവിതം, ഹിറാ ഗുഹയിലെ ധ്യാനം, ജിബ്‌രീലിന്റെ സമാഗമം, ഏകാന്തനായ പ്രബോധക നായി മലമുകളിൽ കയറിനിന്ന തിരുമേ നി, അസഭ്യം പറയുന്ന ശത്രു, പൂമേനി യിൽ കല്ലെറിയുന്ന വിവരദോഷികൾ, ഹിജ്റ, മദീനയിലെ ധന്യമായ മുഹൂർത്ത ങ്ങൾ, ബദ്റിൽ ആരംഭിച്ച ജൈത്രയാത്ര കൾ, ജന്മനാട്ടിലേക്കുള്ള തിരിച്ചുവരവ്, ക്ഷമയുടെ ചരിത്ര സാക്ഷ്യമായി മാറിയ പൊതുമാപ്പ് പ്രഖ്യാപനം, ചരിത്രത്തിലെ ഒന്നാമത്തെ മനുഷ്യാവകാശ പ്രഖ്യാപ നം, പ്രവാചകരുടെ വഫാത്ത് ഇത്രയും ചുരുക്കി വിവരിച്ചുകൊണ്ടുള്ളതാണ് ഈ പ്രവാചക പ്രകീർത്തന കാവ്യം.

ശംസുൽ ഉലമ എന്ന അപരനാമ ത്തിൽ വിഖ്യാതനായ ഇ.കെ അബൂബ ക്കർ മുസ്‌ലിയാർ മരിച്ചപ്പോൾ അദ്ദേഹ ത്തിന്റെ വേർപാട് മനസ്സിൽ സൃഷ്ടിച്ച

വികാരത്തിന്റെ പ്രതിഫലനമാണ് ‘ബകത്തിസ്സമാ വർതജ്ജത്തിൽ ഗബ്ഖാള്വ്’ എന്ന കവിത.

നാട്ടിക മൂസ മുസ്‌ലിയാർ അദ്ദേഹത്തിന്റെ സഹയാത്രികനായിരുന്നു. അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് ഹൃദയത്തിൽ തീർത്ത വേദന ഒരു കാവ്യമായി. അതാണ് ‘വ ജലാ ദ്ദുമൂള അനിൽ ഫുആദി ഖദിംതലാ’ എന്ന് തുടങ്ങുന്ന കവിത.

പാരമ്പര്യ രീതിയിൽനിന്ന് വ്യത്യസ്തമായി ശുദ്ധ മലയാളഭാഷ ഉപയോഗിക്കുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് നല്ല ആകർഷണീയതയും കേൾവിക്കാർ ധാരാളവുമുണ്ടായിരുന്നു.

മാനു മുസ്‌ലിയാർ നല്ല ഗദ്യകാരനുമായിരുന്നു. *സുന്നി ടൈംസ്*, *സുന്നി വോയ്സ്*, *അൽമുഅല്ലിം*, *സുന്നി അഫ്കാർ* എന്നീ പത്രങ്ങളുടെ എഡിറ്റോറിയൽ ബോർഡിൽ അദ്ദേഹം മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. *ഫിർദൗസ്* മാസികയുടെ ചീഫ് എഡിറ്ററുമായിരുന്നു. കെ.ടി മാനു മുസ്‌ലിയാർ, കെ.ടി മുഹമ്മദ് മൗലവി, കെ.ടി കണ്ണത്ത്, സ്വൂഫി, അലീഫ് എന്നീ തൂലികാ നാമങ്ങളിൽ അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

തന്റെ ജീവിതവും വീക്ഷണവും വിവരിക്കുന്ന ‘ജീവിതത്തിന്റെ കൈയൊപ്പുകൾ’ എന്ന ആത്മകഥാ പുസ്തകം സംഭവബഹുലമായ ആ ജീവിതം അടുത്തറിയാൻ ഏറെ സഹായകമാണ്.

അങ്ങനെ പ്രസംഗിച്ചും എഴുതിയും പ്രവർത്തനനിരതനായും പതിറ്റാണ്ടുകൾ പിന്നിട്ട ആ ധന്യ ജീവിതം ഓർമയായി. പതിനായിരങ്ങൾ പങ്കെടുത്ത മയ്യിത്ത് നമസ്കാരം ജനമനസ്സുകളിൽ അദ്ദേഹത്തിനുള്ള സ്ഥാനം വിളിച്ചോതുന്നതായിരുന്നു. അല്ലാഹു അദ്ദേഹത്തിന് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ. ■

# ഭിന്നവീക്ഷണങ്ങളെ ആദരിച്ച പണ്ഡിതൻ

**ടി. ആരിഫലി**

സമസ്തകേരള ജംഇയ്യത്തുൽ ഉലമ ജോയിന്റ് സെക്രട്ടറിയും മുശാവറ അംഗവും ഇസ്‌ലാം മതവിദ്യാഭ്യാസബോർഡിന്റെ ജനറൽ സെക്രട്ടറിയുമായിരുന്ന കെ. ടി മാനു മുസ്‌ലിയാർ കേരളീയ സമൂഹത്തിൽ ഏറെ വ്യക്തിമുദ്ര പതിപ്പിച്ച പണ്ഡിതനായിരുന്നുവെന്ന് ജമാഅത്തെ ഇസ്‌ലാമി കേരളാ അമീർ ടി. ആരിഫലി അനുശോചന സന്ദേശത്തിൽ പറഞ്ഞു. മുസ്‌ലിം സമൂഹത്തെ വിദ്യാഭ്യാസപരമായും ദീനീതത്ത്വങ്ങൾക്കനുസൃതമായും വളർത്തിക്കൊണ്ടു വരുന്നതിലായിരുന്നു അദ്ദേഹത്തിന്റെ മുഖ്യശ്രദ്ധ. സമസ്തയുടെ നേതാക്കൻമാരിലൊരാളായിരിക്കെ തന്നെ ഭിന്നവീക്ഷണങ്ങൾ വെച്ചുപുലർത്തുന്ന പണ്ഡിതൻമാരെ അദ്ദേഹം ബഹുമാനിച്ചു. മുസ്‌ലിം സമൂഹത്തെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളിൽ ഐക്യത്തോടെ നീങ്ങണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പല വേദികളിലും അദ്ദേഹവുമായി സഹകരിച്ചു പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഐക്യത്തെക്കുറിച്ച് പ്രസംഗിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്, ആവശ്യമായ സന്ദർഭങ്ങളിലൊക്കെ അതിനു വേണ്ടി പ്രവർത്തിക്കുന്നവരിൽ മുൻനിരയിൽ തന്നെ അദ്ദേഹമുണ്ടായിരുന്നു. മാനു മുസ്‌ലിയാരുടെ പുഞ്ചിരിതൂകുന്ന മുഖവും വിനയത്തോടെയുള്ള പെരുമാറ്റവും അദ്ദേഹവുമായി ഇടപഴകാനവസരം ലഭിച്ചവരുടെ ഓർമകളിൽ നിലനിൽക്കും.

അദ്ദേഹത്തിന്റെ കാര്യശേഷിയും പ്രവർത്തനപാടവവും ഏറെ ശ്രദ്ധേയവും അനുകരണീയവുമാണ്. സമസ്തയുടെ ബുദ്ധികേന്ദ്രമായ പണ്ഡിതന്മാരിലൊരാളായിരുന്നു അദ്ദേഹം. കഴിവുതെളിയിച്ച സംഘാടകനും മികച്ച വാഗ്മിയും എഴുത്തുകാരനുമായിരുന്നു. വിദ്യാഭ്യാസമേഖലയിലെ അദ്ദേഹത്തിന്റെ നൈപുണ്യം എടുത്തുപറയേണ്ടതാണ്. ഇസ്‌ലാംമത വിദ്യാഭ്യാസബോർഡിന്റെ നായകൻ എന്ന നിലയിൽ പാഠപുസ്തകനിർമാണം മുതൽ മൂല്യനിർണയം വരേയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചുപോന്നു. കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിൽ വരേയും ആ സ്ഥാപനങ്ങളുടെ യശസ്സ് ഉയർത്തിക്കൊണ്ടുവരുന്നതിൽ അദ്ദേഹം അക്ഷീണം യത്നിച്ചു. മാനു മുസ്‌ലിയാരുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങൾ തന്നെ വിദ്യാഭ്യാസ രംഗത്തുള്ള അദ്ദേഹത്തിന്റെ സമീപനത്തിന്റെ നേർകണ്ണാടിയാണ്.

ലളിതവും ആകർഷകവുമായ ജീവിതത്തിനുടമയായിരുന്നു മാനു മുസ്‌ലിയാർ. അദ്ദേഹത്തിന്റെ സവിശേഷമായ കഴിവുകൾ പുതുതലമുറക്ക് മാതൃകയാണ്. എല്ലാ വിഭാഗം ജനങ്ങളോടും നല്ല ബന്ധം പുലർത്തുവാനും തന്റെ സാന്നിധ്യം ഇസ്‌ലാമികസമൂഹത്തിന്റെ വളർച്ചക്ക് ഫലപ്രദമായി വിനിയോഗിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകട്ടെയെന്ന് പ്രാർഥിക്കുന്നു.

